Reg. No. : ..............................

Name : ......................................

**FY 538**

# FIRST YEAR HIGHER SECONDARY MODEL EXAMINATION, FEBRUARY 2025
## Part – III
## SOCIOLOGY
**Maximum : 80 Scores**

Time : 2½ Hours
Cool-off Time : 15 Minutes

***General Instructions to Candidates :***

- *There is a 'Cool off time' of 15 minutes in addition to the writing time.*
- *Use of 'cool off time' to get familiar with questions and to plan your answers.*
- *Read questions carefully before answering.*
- *Calculations, figures and graphs should be shown in the answer sheet itself.*
- *Malayalam version of the questions is also provided.*

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിട്ട് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.

Score

**1 മുതൽ 10 വരെയുള്ള ഏതെങ്കിലും 9 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും 1 സ്കോർ വിതം.** (9×1=9)

1. സി. റൈറ്റ് മിൽസ് അവതരിപ്പിച്ച വ്യക്തിഗത പ്രശ്നങ്ങളും വിശാലമായ സാമൂഹിക പ്രശ്നങ്ങളും തമ്മിലുള്ള ബന്ധം വിവരിക്കുന്ന പദം.

   A) സ്വയം പ്രതിഫലനം

   B) സാമൂഹികവൽക്കരണം

   C) സമൂഹശാസ്ത്ര സങ്കല്പം

   D) സാമാന്യ ബോധജ്ഞാനം

2. ലളിത സമൂഹങ്ങളെക്കുറിച്ച് പഠിക്കുന്ന വിഷയമാണ് __________

   A) സമൂഹശാസ്ത്രം

   B) മനഃശാസ്ത്രം

   C) സാമ്പത്തികശാസ്ത്രം

   D) നരവംശശാസ്ത്രം

3. പദവിയുമായി ബന്ധപ്പെടുത്തിയിരിക്കുന്ന മൂല്യത്തെ __________ എന്ന് വിളിക്കുന്നു.

   A) പങ്ക്

   B) അന്തസ്സ്

   C) പങ്ക് സംഘട്ടനം

   D) ആരോപിത പദവി

4. താഴെപ്പറയുന്നവയിൽ നിന്ന് ജെയിംസ് ഫ്രേസറുടെ പ്രശസ്തമായ പുസ്തകം തിരഞ്ഞെടുക്കുക.

A) സ്ട്രീറ്റ് കോർണർ സൊസൈറ്റി

B) കൂർഗ് ഓഫ് മൈസൂർ

C) ഗോൾഡൻ ബൗഗ്

D) റിമമ്പേർഡ് വില്ലേജ്

5. താഴെപ്പറയുന്നവയിൽ ഏതാണ് വൈവാഹിക ബന്ധുത്വം അല്ലാത്തത്

A) മരുമകൻ

B) ഭാര്യ

C) അമ്മ

D) ഭർത്താവ്

6. ഏത് തരത്തിലുള്ള പഠനത്തിനാണ് എം. എൻ. ശ്രീനിവാസ് കാര്യമായ പ്രാധാന്യം നൽകുന്നത് ?

A) നഗരം

B) ഗോത്ര സമൂഹം

C) ഗ്രാമം

D) മെട്രോപൊളിറ്റൻ പ്രദേശം

Score

7. കീഴാള വർഗത്തിന്റെ പ്രദേശം ഒരു മധ്യവർഗ-ഉപരിവർഗ ഇടമായി പരിവർത്തനം ചെയ്യുന്ന പ്രക്രിയയാണ് ________

   A) ഏകസമുദായവൽക്കരണം

   B) കുലീനവത്കരണം

   C) ബന്ധിത സമുദായങ്ങൾ

   D) സാമൂഹിക ക്രമം

8. ഒരു വ്യക്തി സ്വന്തം ഗണത്തിനു പുറത്തുള്ളവരെ വിവാഹം ചെയ്യുന്ന സമ്പ്രദായമാണ് ________

   A) സ്വഗണ വിവാഹം

   B) ബഹിർഗണ വിവാഹം

   C) മാതൃതാവഴി കുടുംബം

   D) പിതൃതാവഴി കുടുംബം

9. ഒരു നഗരവും അതിന്റെ ചുറ്റുമുള്ള ഉപനഗര-പ്രദേശങ്ങളും ആശ്രിതപ്രദേശങ്ങളേയും സൂചിപ്പിക്കുന്ന പദം ഏതാണ് ?

10. ചാർട്ട് പൂരിപ്പിക്കുക.

പാരിസ്ഥിതിക ദുരന്തങ്ങൾ

| | |
|---|---|
| മനുഷ്യ നിർമ്മിതം | ........................................ |
| ഉദാഹരണം : ഭോപ്പാൽ ദുരന്തം | ഉദാഹരണം. ........................................ |

Score

**11 മുതൽ 15 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിനും 2 സ്കോർ വീതം.** (5×2=10)

11. സാമൂഹിക ശ്രേണീകരണത്തിന്റെ ഏതെങ്കിലും രണ്ട് സവിശേഷതകൾ എഴുതുക.

12. ആഗോള താപനത്തിന്റെ രണ്ട് അനന്തരഫലങ്ങൾ ചൂണ്ടിക്കാണിക്കുക.

13. പങ്കാളിത്ത നിരീക്ഷണത്തിന്റെ രണ്ട് പരിമിതികൾ സൂചിപ്പിക്കുക.

14. അന്യവൽക്കരണത്തിന്റെ ഏതെങ്കിലും രണ്ട് സ്വഭാവസവിശേഷതകൾ എടുത്തുകാണിക്കുക.

15. സമൂഹത്തിലെ ഉയർന്ന വിഭാഗങ്ങൾ അനുഭവിക്കുന്ന മൂന്ന് തരത്തിലുള്ള ആനുകൂല്യങ്ങൾ ഏതൊക്കെയാണ് ?

**16 മുതൽ 19 വരെയുള്ള ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം.** (3×4=12)

16. സംഘട്ടനവും സഹകരണവും ഒരുമിച്ച് പ്രവർത്തിക്കാൻ കഴിയുമോ ? നിങ്ങളുടെ ഉത്തരം സാധൂകരിക്കുക.

17. അധികാരത്തിന്റെയും താമസസ്ഥലത്തിന്റെയും അടിസ്ഥാനത്തിൽ കുടുംബത്തിന്റെ വിവിധ രൂപങ്ങൾ വിവരിക്കുക.

18. A) ക്ഷേമരാഷ്ട്രം എന്ന പദം അവതരിപ്പിച്ചത് ആരാണ് ? (1)

    B) ക്ഷേമരാഷ്ട്രത്തിന്റെ സവിശേഷതകൾ വിശദീകരിക്കുക. (3)

19. ഉദ്യോഗസ്ഥ വൃന്ദത്തിന്റെ ഏതെങ്കിലും 4 സവിശേഷതകൾ വിശദീകരിക്കുക.

**20 മുതൽ 23 വരെയുള്ള ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും 5 സ്കോർ വീതം.** (3×5=15)

20. ചേരുംപടി ചേർക്കുക.

| A | B |
|---|---|
| മാക്സ് വെബർ | വർഗ സമരം |
| കാൾ മാർക്സ് | സാമൂഹിക വസ്തുത |
| എമിലി ദുർഖൈം | ബ്രിട്ടൻ |
| വ്യാവസായിക വിപ്ലവം | സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം |
| ഫ്രഞ്ച് വിപ്ലവം | ആദർശമാതൃക |

Score

21. വിവാഹത്തിന്റെ വിവിധ രൂപങ്ങൾ വിശകലനം ചെയ്യുക.

22. യാന്ത്രികഐക്യദാർഢ്യവും ജൈവഐക്യദാർഢ്യവും തമ്മിൽ വേർതിരിച്ചെഴുതുക.

23. A) സംസ്കാരം നിർവ്വചിക്കുക. (2)

B) സംസ്കാരത്തിന്റെ വിവിധ മാനങ്ങൾ അനുയോജ്യമായ ഉദാഹരണങ്ങൾ നൽകി വിവരിക്കുക. (3)

**24 മുതൽ 27 വരെയുള്ള ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും 6 സ്കോർ വീതം.** (3×6=18)

24. A) സമൂഹശാസ്ത്രവും മന:ശാസ്ത്രവും തമ്മിൽ വേർതിരിച്ചെഴുതുക. (3)

B) സമൂഹശാസ്ത്രത്തിന്റെ വ്യാപ്തി ചർച്ച ചെയ്യുക. (3)

25. "വിഭവശോഷണവും മലിനീകരണവും പ്രധാന പരിസ്ഥിതി പ്രശ്നങ്ങളും അപകട സാധ്യതകളുമാണ്". നിങ്ങളുടെ ഉത്തരം സാധൂകരിക്കുക.

26. സാമൂഹികവൽക്കരണത്തിന്റെ വിവിധ ഏജൻസികളുടെ പങ്ക് വിലയിരുത്തുക.

27. ജി. എസ്. ഘുര്യേ നിർദ്ദേശിച്ച ജാതിയുടെ സവിശേഷതകൾ വിവരിക്കുക.

**28 മുതൽ 30 വരെയുള്ള ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും 8 സ്കോർ വീതം.** (2×8=16)

28. A) സാമൂഹ്യസംഘത്തിന്റെ സവിശേഷതകൾ പട്ടികപ്പെടുത്തുക. (2)

B) വിവിധ തരത്തിലുള്ള സാമൂഹ്യ സംഘങ്ങളെ വിശകലനം ചെയ്യുക. (6)

29. A) സാമൂഹിക ക്രമം വിശദീകരിക്കുക. (3)

B) നഗര സമൂഹത്തിൽ സാമൂഹിക ക്രമവും മാറ്റവും എങ്ങനെ നിലനിർത്തുന്നുവെന്ന് വിലയിരുത്തുക. (5)

**സൂചനകൾ** : നഗര സവിശേഷതകൾ, നഗര പ്രശ്നങ്ങൾ-സാമൂഹിക ക്രമം നിലനിർത്തുക.

30. സർവേ രീതിയെക്കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക.

**സൂചനകൾ** : സർവേരീതി, സാമ്പിൾ സെലക്ഷൻ, നേട്ടങ്ങളും കോട്ടങ്ങളും.